(സി) വൈദ്യുതീകരിച്ച വീടുള്ള കാർഡുടമകൾക്ക് പ്രതിമാസം 2 ലിറ്ററും വൈദ്യുതീകരിക്കാത്ത വീടുള്ള കാർഡുടമകൾക്ക് പ്രതിമാസം 5 ലിറ്ററും മണ്ണെണ്ണയാണ് അനുവദിക്കുന്നത്. കൂടാതെ പാചകാവശ്യത്തിനായി നൽകിയിട്ടുള്ള സ്പെഷ്യൽ പെർമിറ്റിന് 6 ലിറ്റർ വീതം മണ്ണെണ്ണയും പ്രതിമാസം അനുവദിക്കുന്നുണ്ട്.

ഹോട്ടലുകളിലെ വില നിയന്ത്രണം

68 (5746) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ വിവിധ ഹോട്ടലുകളിൽ വിൽക്കുന്ന ഭക്ഷ്യസാധനങ്ങളുടെ വില നിയന്ത്രിക്കുന്നത് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) നിലവിലുള്ള ഹോട്ടലുകളിൽ ഭക്ഷ്യസാധനങ്ങളുടെ വില പ്രദർശിപ്പിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചു ;

(സി) ഇത് സംബന്ധിച്ച് പുറപ്പെടുവിച്ച സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) ഹോട്ടലുകളിൽ വിൽക്കുന്ന ഭക്ഷ്യസാധനങ്ങളുടെ വില പരിശോധിക്കുന്നതിന് ഇന്നുള്ള സംവിധാനങ്ങൾ എന്തെല്ലാം ;

(ഇ) ഇത് സംബന്ധിച്ച് അവശ്യ സാധന നിയമമനുസരിച്ച് സർക്കാർ എന്തെങ്കിലും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ജി) ഇല്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കുമോ ?

ഉത്തരം

(എ) 1955-ലെ അവശ്യസാധന നിയമത്തിലെ കേരള ഫുഡ്സ്റ്റഫ്സ് (ഡിസ്പ്ലെ ഓഫ് പ്രൈസസ് ബൈ കാറ്ററിംഗ് എസ്റ്റാബ്ളിഷ്മെന്റ്) ഓർഡർ, 1977 പ്രകാരം ഹോട്ടൽ/ കാറ്ററിംഗ് സ്ഥാപനങ്ങൾ ഭക്ഷണസ്ഥാപനങ്ങളുടെ വില വിവരപ്പട്ടിക പ്രദർശിപ്പിക്കാൻ നിലവിൽ വ്യവസ്ഥയുണ്ട്. വിവിധ ഹോട്ടലുകളിൽ വിൽക്കുന്ന ഭക്ഷ്യസാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിന് പ്രത്യേക ഉത്തരവുകൾ ഒന്നും പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ മധുരമില്ലാത്ത ചായയുടെയും മധുരമുള്ള ചായയുടേയും വില പ്രത്യേകം വില വിവരപ്പട്ടികയിൽ പ്രദർശിപ്പിക്കുന്നതിനും ഇതര ആഹാര സാധനങ്ങളുടെ വില ഏകീകരിക്കുന്നതിനും 24-6-2010-ലെ ജി.ഒ.(ആർ.റ്റി) നമ്പർ 49/10/ഉ.കാ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. പകർപ്പ് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി - ജി) 1977-ലെ കേരള ഫുഡ്സ്റ്റഫ്സ് (ഡിസ്പ്ലൈ ഓഫ് പ്രൈസസ് ബൈ കാറ്ററിംഗ് എസ്റ്റാബ്ളീഷ്മെന്റ്) ഓർഡർ, പ്രകാരം ഹോട്ടലുകളിൽ വിലവിവരപ്പട്ടിക കർശനമായും പ്രദർശിപ്പിക്കണമെന്ന് ഉത്തരവ് ഉണ്ട്. പ്രസ്തുത ഓർഡറിന്റെ അടിസ്ഥാനത്തിൽ സിവിൽ സപ്ലൈസ് വകുപ്പിലെ റേഷനിംഗ് ഇൻസ്പെക്ടർമാർ മുതൽ മുകളിലോട്ടുള്ള എല്ലാ ഫീൽഡ് ഓഫീസർമാരും, കൂടാതെ ജില്ലാതലത്തിലും താലൂക്ക് തലത്തിലും രൂപീകരിച്ചിട്ടുള്ള സ്ക്വാഡുകളും പരിശോധനകൾ നടത്തി വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാത്തവർക്കെതിരെ നടപടി സ്വീകരിച്ചു വരുന്നു. ഇത് സംബന്ധിച്ച് 1955-ലെ അവശ്യ സാധന നിയമത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ചിട്ടുള്ള 1977-ലെ ഫുഡ്സ്റ്റഫ്സ് ഡിസ്പ്ലൈ ഓഫ് പ്രൈസസ് ബൈ കാറ്ററിംഗ് എസ്റ്റാബ്ലിഷ്മെന്റ്) ഓർഡറിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. *

പേരാവൂർ മണ്ഡലത്തിൽ പുതിയ റേഷൻ കാർഡിനുവേണ്ടി നടത്തിയ അദാലത്ത്

69 (5747) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേരാവൂർ നിയോജകമണ്ഡലത്തിൽ പുതിയ റേഷൻ കാർഡിനു വേണ്ടി നടത്തിയ അദാലത്തിൽ എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) അദാലത്തിൽ ലഭിച്ച അപേക്ഷയിന്മേൽ റേഷൻ കാർഡ്, വിതരണം ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) ഇല്ലെങ്കിൽ പുതിയ റേഷൻ കാർഡ് എപ്പോൾ നൽകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പേരാവൂർ നിയോജകമണ്ഡലത്തിൽ പുതിയ റേഷൻ കാർഡിനു വേണ്ടി നടത്തിയ അദാലത്തിൽ 5280 അപേക്ഷകൾ ലഭിച്ചു.

(ബി) അദാലത്തിൽ ലഭിച്ച അപേക്ഷകളിൽ റേഷൻ കാർഡ് വിതരണം ആരംഭിച്ചിട്ടുണ്ട്. ഇതിനകം 300 റേഷൻ കാർഡുകൾ വിതരണം ചെയ്തു.

(സി) 20-8-2010 -നുള്ളിൽ വിതരണം പുർത്തിയാക്കാൻ കഴിയുന്നതാണ്.

പുതിയ മാവേലി സ്റ്റോറുകൾ

70 (5748) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി എവിടെയൊക്കെ എത്ര മാവേലി സ്റ്റോറുകൾ തുടങ്ങാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly